**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*148** | **11.08. 2017 ൽ മറുപടിയ്ക്ക്**

## ഓണത്തിന് ഒരു മുറം പച്ചക്കറി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ**<br>**ശ്രീ. ചിറ്റയം ഗോപകുമാർ**<br>**ശ്രീ. ജി.എസ്.ജയലാൽ**<br>**ശ്രീ. എൽദോ എബ്രഹാം** | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |

എ) 'ഓണത്തിന് ഒരു മുറം പച്ചക്കറി' എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കുന്നുണ്ടോ;

എ) ഉണ്ട്.

ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; ഏതൊക്കെ ഏജൻസികളുമായി സഹകരിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; വിശദമാക്കാമോ?

ബി) പച്ചക്കറി വികസന പദ്ധതി 2017-18-ന്റെ ഭാഗമായിട്ടാണ് 'ഓണത്തിന് ഒരു മുറം പച്ചക്കറി' എന്ന പദ്ധതി നടപ്പിലാക്കുന്നത്. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്ന് തന്നെ ലഭ്യമാക്കുവാൻ ഉദ്ദേശിച്ചാണ് 'ഓണത്തിന് ഒരു മുറം പച്ചക്കറി' എന്ന പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കുന്നത്. എങ്കിലും എല്ലാ വീടുകളിലും ഓണത്തിനു ശേഷവും സ്ഥിരമായി അവരവർക്കാവശ്യമായ പച്ചക്കറികളും കിഴങ്ങുവർഗ്ഗങ്ങളും, പഴവർഗ്ഗങ്ങളും, ഇലക്കറികളും ഉൽപാദിപ്പിക്കുവാനും അതുവഴി സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തതയിലേക്കെത്തിക്കുക, ജൈവ പച്ചക്കറി കൃഷി ഒരു ജനകീയ സംരംഭം ആക്കുക എന്നതെല്ലാമാണ് പ്രധാന ലക്ഷ്യം.

വി.എഫ്.പി.സി.കെ, ത്രിതല പഞ്ചായത്തുകൾ, ജനപ്രതിനിധികൾ, സഹകരണസംഘങ്ങൾ, കാർഷിക കർമസേന, അഗ്രോ-സർവ്വീസ് സെന്റർ, സന്നദ്ധ സംഘടനകൾ, മാധ്യമങ്ങൾ, കുടുംബശ്രീ തുടങ്ങിയ എല്ലാവരുടെയും സംയുക്ത സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഈ പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തെ 63 ലക്ഷം കുടുംബങ്ങൾക്ക് പച്ചക്കറി കൃഷിയ്ക്കായി വിത്തുകൾ, തൈകൾ, തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ എന്നിവ നൽകുന്നു.വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും അഞ്ചിനം പച്ചക്കറി വിത്തുകൾ അടങ്ങിയ 40 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകൾ നൽകിയിട്ടുണ്ട്. കൂടാതെ വിവിധ മാധ്യമങ്ങൾ മുഖേനയും സന്നദ്ധ സംഘടനകൾ മുഖേനയും 17 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകളും വിതരണം ചെയ്യുന്നു. കൂടാതെ 45.45 ലക്ഷം പച്ചക്കറി തൈകളും കർഷകർക്ക് വിതരണം ചെയ്യുന്നു. പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 37000 ഗ്രോബാഗ് യൂണിറ്റുകൾ വിതരണം ചെയ്യുന്നു. കൂടാതെ മുൻ വർഷങ്ങളിൽ നൽകിയ 75000 ഗ്രോബാഗ് യൂണിറ്റുകളിൽ വീണ്ടും കൃഷി ചെയ്യാനായി വിത്ത്, തൈകൾ മറ്റ് ഉല്പാദന ഉപാധികൾ എന്നിവയും നൽകുന്നു. ഇതു വഴി ഓണക്കാലത്ത് ഓരോ വീടുകളിലും സ്വന്തമായി കൃഷി ചെയ്തെടുത്ത പച്ചക്കറി ഉപയോഗിക്കുവാൻ കഴിയും.

പദ്ധതിയുടെ പ്രചരണ പരിപാടികളുടെ ചുമതല ഫാം ഇൻഫർമേഷൻ ബ്യൂറോ നിർവ്വഹിക്കുന്നു. ഈ പദ്ധതിയുടെ പ്രചരണാർത്ഥം ഒരു 'സ്ലോഗൻ' തയ്യാറാക്കുകയും ഇതിനോടൊപ്പം മന്ത്രിമാർ, സെലിബ്രിറ്റീസ്, ജനപ്രതിനിധികൾ എന്നിവരുടെ പ്രസ്താവനകളോടുകൂടിയ ശബ്ദരേഖ ഉള്ളടക്കം ചെയ്ത് റേഡിയോ, എഫ്.എം. റേഡിയോ, റെയിൽവേ ജിംഗിൾസ് മുതലായ മാധ്യമങ്ങൾ വഴി സംപ്രേക്ഷണം ചെയ്ത് പദ്ധതിയ്ക്ക് പ്രചാരണം നൽകിയിട്ടുണ്ട്. കൂടാതെ പ്രമുഖ പത്രമാധ്യമങ്ങൾ വഴിയും വിപുലമായ പ്രചാരണം നൽകിയിട്ടുണ്ട്

Mayaf

**സെക്ഷൻ ഓഫീസർ**